**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5052** **20-07-2022 - ൽ മറുപടിയ്ക്ക്**

**അങ്കമാലി മണ്ഡലത്തിലെ കുടുംബങ്ങൾക്കുള്ള പ്രളയ നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 2018-ലെ പ്രളയത്തിൽ നഷ്ടപരിഹാരം ലഭിക്കാത്ത അങ്കമാലി മണ്ഡലത്തിലെ കുടുംബങ്ങൾ പെർമെനന്റ് ലോക് അദാലത്ത്, എറണാകുളം മുമ്പാകെ സമർപ്പിച്ച ഒ.പി. നമ്പർ 604/19, 503/19, 4394/19, 511/19 എന്നിവ പ്രകാരം യഥാക്രമം 60000, 70000, 60000, 90000 രൂപ വീതം അനുവദിച്ച നൽകുവാൻ എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | പെർമെനന്റ് ലോക് അദാലത്തിന്റെ ഉത്തരവ് ലഭിച്ചിട്ടുണ്ട്. പ്രളയം മൂലം ദുരിതമനുഭവിച്ച കുടുംബങ്ങൾക്ക് അടിയന്തിര സഹായമായി 10,000/- രൂപയും, വീടുകളുടെ പുനർനിർമ്മാണത്തിന് SDRF/CMDRF മാനദണ്ഡപ്രകാരം നാശനഷ്ടത്തിന്റെ തോത് അനുസരിച്ച് 10,000/- മുതൽ 4,00,000/- രൂപ വരെയുമാണ് സർക്കാർ ധനസഹായം അനുവദിക്കുന്നത്. പ്രളയം മൂലം വീട്ടുപകരണങ്ങൾക്കുണ്ടായ നാശനഷ്ടങ്ങൾക്കാണ് പെർമെനന്റ് ലോക് അദാലത്ത് നഷ്ടപരിഹാരം അനുവദിക്കുവാൻ നിർദേശം നൽകിയിട്ടുള്ളത്.ഇത് നിലവിലെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമാകയാൽ നഷ്ടപരിഹാരം നൽകുവാൻ കഴിഞ്ഞിട്ടില്ല . |
| (ബി) | പ്രസ്തുത നഷ്ടപരിഹാരം നൽകാൻ ജില്ലാ കളക്ടറും ആലുവ തഹസിൽദാരും നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | പെർമെനന്റ് ലോക് അദാലത്തിന്റെ ഉത്തരവ് ലഭിച്ചിട്ടുണ്ട്. പ്രളയം മൂലം ദുരിതമനുഭവിച്ച കുടുംബങ്ങൾക്ക് അടിയന്തിര സഹായമായി 10,000 രൂപയും, വീടുകളുടെ പുനർനിർമ്മാണത്തിന് SDRF/CMDRF മാനദണ്ഡപ്രകാരം നാശനഷ്ടത്തിന്റെ തോത് അനുസരിച്ച് 10,000/- മുതൽ 4,00,000/- രൂപ വരെയുമാണ് സർക്കാർ ധനസഹായം അനുവദിക്കുന്നത്. പ്രളയം മൂലം വീട്ടുപകരണങ്ങൾക്കുണ്ടായ നാശനഷ്ടങ്ങൾക്കാണ് പെർമെനന്റ് ലോക് അദാലത്ത് നഷ്ടപരിഹാരം അനുവദിക്കുവാൻ നിർദേശം നൽകിയിട്ടുള്ളത്.ഇത് നിലവിലെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമാകയാൽ നഷ്ടപരിഹാരം നൽകുവാൻ കഴിഞ്ഞിട്ടില്ല . |
| (സി) | എറണാകുളം ജില്ലാ കളക്ടറേറ്റിൽ പ്രളയ ഫണ്ട് തട്ടിപ്പുമായി ബന്ധപ്പെട്ട് നടക്കുന്ന അന്വേഷണത്തിന്റെ ഭാഗമായി വന്ന കാലതാമസമാണോ ഈ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് തടസ്സമായി | (സി) | എറണാകുളം ജില്ലാ കളക്ടറേറ്റിൽ നടന്ന പ്രളയ ഫണ്ട് തട്ടിപ്പ് നഷ്ടപരിഹാരം നൽകുന്നതിന് തടസമായിട്ടില്ല .സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡ പ്രകാരം അർഹമായ ധനസഹായം അനുവദിച്ചുവരുന്നുണ്ട് . |

| | | | |
|---|---|---|---|
| | നിൽക്കുന്നതെന്ന് പരിശോധിക്കുമോ; വിശദാംശം നൽകുമോ; | | |
| (ഡി) | പ്രളയത്തിൽ സർവ്വതും നഷ്ടപ്പെട്ട സാധാരണക്കാരെ പ്രയാസപ്പെടുത്താതെ അനുവദിച്ച ആനുകൂല്യം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ഡി) | എറണാകുളം ജില്ലാ കളക്ടറേറ്റിൽ നടന്ന പ്രളയ ഫണ്ട് തട്ടിപ്പ് നഷ്ടപരിഹാരം നൽകുന്നതിന് തടസമായിട്ടില്ല .സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡ പ്രകാരം അർഹമായ ധനസഹായം അനുവദിച്ചുവരുന്നുണ്ട് . |

സെക്ഷൻ ഓഫീസർ